September-October 2017 | Price - ₹ 20

# സ്നേഹഭൂമി

ദ്വൈമാസിക

ഓണപ്പതിപ്പ്

https://www.facebook.com/snehabhumi
Email: snehabhumi99@gmail.com

## ഓണം - ബക്രീദ് ആശംസകൾ

## പൂക്കൾ ചിരിക്കും പൊന്നോണ വസന്തം

ശ്രീകല ചിങ്ങോലി

## ഓണം എന്നെ വിളിക്കുന്നു

അബ്ദുള്ള പേരാമ്പ്ര

## ക്ലിനിക്കൽ ട്രയൽ - മനുഷ്യൻ ഗിനിപ്പന്നിയോ?

സലോമി ജോൺ വത്സൻ

## ഓണമെത്തുമ്പോൾ

കെ. ഹരി കാറളം





# തൂക്കണാം കുരുവികളുടെ വീട്

കിളികളുടെ വീടായിരുന്നു അത്. പൂപ്പൽ നിറം വീണ ഓടു മേച്ചിലിനു കീഴെ ഉത്തരം താങ്ങി നിന്ന ഉമ്മറച്ചുവരിൽ രണ്ട് നാരായണക്കിളികളുടെ കൂട്.

മുറ്റത്തേക്ക് തല നീട്ടിയ മാവിൽ ഒട്ടിപ്പിടിച്ച് തൂക്കണാം കുരുവികളുടെ കൂട്. വീടിന് മുകളിലേക്ക് വളർന്നു പോയ തെങ്ങിൽ കാക്കക്കൂട്. അങ്ങിനെയങ്ങിനെ.

കിളികളുടെ മാത്രമല്ല അത് നാരായണൻകുട്ടിയുടേയും ജാനകിയുടേയും കൂടെ വീടായിരുന്നു.

ഇരട്ടവാലൻ കുന്നിന് മുകളിൽ നിന്ന് നോക്കിയാൽ ഒരു വെള്ളച്ചാട്ടം കാണാം.

വെള്ളച്ചാട്ടം എന്നൊന്നും പറയാനില്ല. കുന്നിന്റെ മണ്ടയിലെ പച്ചപ്പ് പിടിച്ചു വെച്ച കുറെ വെള്ളം ഒരു കുഞ്ഞു തോടായി വന്ന് അയ്യോ പൊത്തോ എന്ന് ഒരു പതിനഞ്ചടി താഴേക്ക് വീഴുന്നു. അത്ര തന്നെ.

വർഷക്കാലത്ത് മഹാ അഹങ്കാരിയായി മാറും ആ വെള്ളച്ചാട്ടം. കുന്നിന് മുകളിൽ വീണ് മണ്ണിളക്കി പാഞ്ഞു വരുന്ന കലക്കവെള്ളത്തിന്റെ കൂട്ടു പിടിച്ച് തോട് കര കവിയും. ഒരു കിളിക്കുഞ്ഞോ, ഓന്തോ കാൽ തെറ്റി വീണെന്നിരിക്കും. അപ്പോൾ കാട്ടാറ് ഒരു പരിചയവും കാണിക്കില്ല. അവയേയും വലിച്ചുകൊണ്ടോടും. പത്തു പതിനഞ്ചടി പാറപ്പുറത്തേക്ക് ഉന്തിയിടും. പിന്നെ കിലുകിലെ ചിരിച്ച് താഴേക്കൊഴുകും.

അങ്ങനെ വീണു മരിച്ചു പോയ കിളികളെ കാണാൻ ചെറുപ്പത്തിൽ എന്നെ നാരായണൻ കുട്ടി വിളിച്ചിട്ടുണ്ട്.

വെള്ളച്ചാട്ടത്തിൽ നിന്ന് അധികമില്ല നാരായണൻ കുട്ടിയുടെ വീട്ടിലേക്ക്.

നാരായണൻ കുട്ടി മുറ പ്രകാരം എനിക്ക് അമ്മാവനെന്നാണ് അമ്മ പറയുന്നത്.

നീയവനെ അമ്മാവാ എന്നേ വിളിക്കേണ്ടു.

അമ്മയുടെ ബന്ധത്തിൽ പെട്ടതാണ്. ഏതു താവഴിയിൽ എന്നു ചോദിച്ചാൽ അമ്മക്ക് കൃത്യം പറയാനാകും. പക്ഷേ ഞാനതൊന്നും ഓർത്തുവെയ്ക്കാൻ മിനക്കെടാറില്ല.

നാരായണൻ കുട്ടിക്ക് എന്തോ പ്രശ്നമുള്ളതായി ഓർമ്മ വെച്ച നാൾ മുതൽ എനിക്ക് തോന്നിയിട്ടുണ്ട്.

വേണ്ടത്ര ശ്രദ്ധയില്ലാത്ത ഒരുത്തനെന്നേ അമ്മ പറയൂ.

പക്ഷേ എനിക്ക് അങ്ങിനെയല്ല തോന്നിയത്. നാരായണൻ കുട്ടി ശ്രദ്ധിക്കുന്നതു പോലെ ചില കാര്യങ്ങൾ ആരും ശ്രദ്ധിക്കുന്നില്ല. പക്ഷേ അയാൾക്ക് ആ ചില കാര്യങ്ങൾ മാത്രമേയുള്ളൂ.

ഒരിക്കൽ ഞാൻ പഠിച്ചു കൊണ്ടിരിക്കേ വീട്ടുമുറ്റത്തേക്ക് നാരായണൻ

കുട്ടി കയറി വന്നു.

അടുത്തിരുന്ന പുസ്തകമെടുത്തു നിവർത്തി.

“ഇതേതു പുസ്തകാ?”

“ബോട്ടണി.”

“എന്നു വച്ചാ.”

“സസ്യശാസ്ത്രം. ഈ ചെട്യേളെ കുറിച്ചേ”

ഞാൻ വിശദമാക്കി.

പണ്ട്, പണ്ട് നാരായണൻ കുട്ടി പറഞ്ഞു.

“ഈ മനുഷ്യേരിങ്ങനെ മതില് കെട്ടി തിരിക്കണേന് മുമ്പ് മരങ്ങളെല്ലാം നല്ല കൂട്ടായിരുന്നു. ആ വിവരം ഉണ്ടോ ഈ പുസ്തകത്തില്.”

എനിക്ക് ദേഷ്യം വന്നു.

“ബോട്ടണിക്കകത്ത് ഈ വിവരക്കേടാണോ.”

നാരായണൻ കുട്ടി എന്നോട് പിണങ്ങിയിറങ്ങി.

പിന്നാലെ അമ്മ വരാന്തയിലേക്ക് കയറി വന്നു.

“ഓൻ പോയോ.”

“പോയി.”

“കാപ്പികുടിച്ചിട്ട് പോയാ മതീന്ന് പറഞ്ഞില്ലെ നീയ്.”

“ഉവ്വ്, എന്നിട്ടും നിന്നില്ല.”

അമ്മയുടെ കൈയ്യിലുണ്ടായിരുന്ന പിഞ്ഞാണിയിലെ കപ്പപുഴുങ്ങിയതും കാന്താരിച്ചമ്മന്തിയും അനാഥമായി അവശേഷിച്ചു.

ഉമ്മറപറമ്പിന്റെ നീണ്ട വാലു പോലെ കിടന്ന പാടവരമ്പിലൂടെ നാരായണൻകുട്ടി നടന്നു പോകുന്നത് ഞാൻ കണ്ടു. അവന്റെ കൂടെ പാടത്ത് തങ്ങി നിന്ന പോക്കുവെയിലും കൂടെ പടിഞ്ഞാട്ടേക്ക് നടന്നു പോയി.

ചില രാത്രികളിൽ നാരായണൻകുട്ടി ഉറക്കമില്ലാതെ അങ്ങുമിങ്ങും കറങ്ങി നടക്കും. സാധുക്കളായ ചില പഞ്ചായത്ത് വിളക്കുകൾ നാരായണൻകുട്ടിക്കിരയായെന്ന് വരാം. കാരണം ഇരുട്ടാണ് നാരായണൻ കുട്ടിക്ക് പലതും കാണിച്ചു കൊടുക്കുന്നത്. ഒരു പക്ഷേ മറ്റാരും കാണാത്ത കാഴ്ചകൾ. അങ്ങനെയൊരു കാഴ്ചയിലേക്കാണ് ഒരിക്കൽ നാരായണൻ കുട്ടി നടന്ന് കയറിയത്.

നാട്ടിലെ പ്ളാസ്റ്റിക്ക് പൊടിക്കമ്പനിക്കെതിരായി സമരം നടക്കുന്ന കാലമായിരുന്നു. നാരായണൻ കുട്ടിയും സമരത്തിനുണ്ടായിരുന്നു. ഒരു രാത്രി കമ്പനിപ്പടിക്കലൂടെ നടന്നു പോയ നാരായണൻ കുട്ടിയെ വാച്ചർ കുഞ്ഞിരാമേട്ടൻ അടുത്തേക്ക് വിളിച്ചു. അയാളുടെ അടുത്ത് രണ്ട് മൂന്ന് ചാക്കുകെട്ടുകളുണ്ടായിരുന്നു.

“ഒക്കെ വേസ്റ്റാണ്. കമ്പനീടെ ഫാം ഹൗസിലേക്ക്. നീയൊന്ന് പിടിച്ചേ.”

നാരായണൻ കുട്ടി ചാക്ക് കെട്ട് പിടിക്കാൻ സഹായിച്ചു.

ചാക്ക് കയറ്റിയ വണ്ടി പോയി. ഇത്ര മാത്രം കനമുള്ള വേസ്റ്റ് എന്താണെന്ന് നാരായണൻ കുട്ടി ഓർത്തു. പതുങ്ങി, പതുങ്ങി ഫാം ഹൗസിലേക്ക് നടന്നു.

ചാക്കിൽ വേസ്റ്റല്ല ഒരു മനുഷ്യശരീരമായിരുന്നു.

സംഭവം പുറത്ത് പറഞ്ഞതും ആദ്യം പ്രതിയായതും നാരായണൻകുട്ടിയായിരുന്നു. ശവം മറവു ചെയ്യാൻ സഹായിച്ച കുറ്റത്തിന്.

മനോരമയായിരുന്നു മരിച്ചത്. പ്ലാസ്റ്റിക്ക് പൊടിക്കമ്പനിയിലെ അടിച്ചുതളിക്കാരി തമിഴത്തി.

കമ്പനിപ്പണിക്കാരായ അളഗപ്പനും, വേലാണ്ടിയും കുറ്റം ഏറ്റു പറഞ്ഞു. മനോരമയോടു തോന്നിയ അടുപ്പം നടക്കാത്ത വൈരാഗ്യത്തിന്.

ശവം മറവു ചെയ്യാൻ കൂട്ടു നിന്നതിന് വാച്ചർ കുഞ്ഞിരാമനും പ്രതിയായി.

അങ്ങനെ മനോരമ വധത്തിൽ നാല് നിരപരാധികളാണ് ആകെ അറസ്റ്റ് ചെയ്യപ്പെട്ടത്.

വിചാരണ വേളയിൽ കോടതി, നാരായണൻ കുട്ടിയോടു ചോദിച്ചു.

“നിങ്ങൾ ചാക്ക് കയറ്റാൻ കൂടിയിരുന്നോ?”

ഉവ്വ്.

“എന്തിന് കൂടി?”

“വെളിവില്ലായിരുന്നേ.” നാരായണൻ കുട്ടി പറഞ്ഞു.

“പ്ലാസ്റ്റിക്ക് കമ്പനിക്കെതിരായ സമരത്തിൽ നിങ്ങളുണ്ടായിരുന്നോ?”

ഉവ്വ്.

“എന്തിനായിരുന്നു സമരം ചെയ്തത്?”

അത് സമരമായിരുന്നെന്ന് അറിയില്ലായിരുന്നേ.”

എല്ലാത്തിനും ഒരേ തരത്തിലുള്ള ഉത്തരങ്ങളായിരുന്നു.

വേണ്ടത്ര തെളിവുകളില്ലാതെ കേസ് തള്ളിപ്പോയി. പക്ഷേ എന്റെ അമ്മ വേണ്ടത്ര ശ്രദ്ധയില്ലായ്മ എന്നു

കഥ



ശിവദാസൻ.എ.കെ

പറഞ്ഞ സ്വഭാവത്തിന് കോടതി മറ്റൊരു പേരിട്ടു. നാരായണൻ കുട്ടിയെ കുറിച്ച് പറയുന്നിടത്ത് ഒരു വാചകം.

സസ്പെക്ടഡ് ടു മെന്റൽ ഡിസ് ഓർഡർ എന്ന്.

നാരായണൻ കുട്ടിയെ നമ്പാൻ പറ്റില്ലെന്നറിഞ്ഞ് കോടതിയിൽ അങ്ങനെയൊരു സർട്ടിഫിക്കറ്റ് എത്തിച്ചത് ആരുടെ ബുദ്ധിയാണ് എന്ന് ഇന്നും ദുരൂഹമായി തുടരുന്നു. മാത്രമല്ല നാരായണൻ കുട്ടിക്കത് ഒരു പ്രശ്നമല്ലായിരുന്നു താനും.

അതിനു ശേഷം ഞാൻ നാരായണൻ കുട്ടിയെ കാണുന്നത് ഇരട്ടവാലൻ കുന്നിനു താഴെ ഒരിടവഴിയിൽ വെച്ചാണ്.

നാരായണൻ കുട്ടിയെ കോടതി വെറുതേ വിട്ടതിലുള്ള സന്തോഷം കുറച്ചു നാൾ മുമ്പ് അമ്മ പങ്കു വെച്ചതോർത്തു.

“എന്തേ ഇവിടെ?”

വഴിവക്കിലിരുന്ന നാരായണൻ കുട്ടിയോട് ഞാൻ ചോദിച്ചു.

“നീയത് കണ്ടോ.”

അയാൾ കുറച്ചകലേക്ക് ചൂണ്ടിക്കാണിച്ചു.

ഞാൻ നോക്കി. രണ്ട് പട്ടികൾ കുത്തിയിരിക്കുന്നു.

“ഈ പൊന്തില് ഒരു മുയലിനെ ഓടിച്ച് കേറ്റീണ്ട്. അതിനെ പിടിക്കാൻ കാത്തിരിക്യാ പട്ടികൾ. ഓടിച്ചിട്ടും പോണില്ല. അങ്ങിനെയെങ്കീ മുയലിനെ രക്ഷപെടുത്തീട്ടു തന്നെ കാര്യം. അതാ ഞാനിവിടെ ഇരിക്കണത്.”

ഞാൻ ഒന്നും പറയാതെ നിന്നു. പിന്നെ വെറുതേ പറഞ്ഞു.

“മുയലിന് വേണോങ്കി ഓടി രക്ഷപ്പെട്ടൂടെ.”

നാരായണൻ കുട്ടി എന്റെ കണ്ണിലേക്ക് നോക്കി.

ഒറ്റചോദ്യം.

“നീയാരുടെ കൂട്യാ, മുയ

ലിന്റെയോ, പട്ടീട്യോ?"

ഞാൻ ഒരു കൗതുകത്തിന് പറഞ്ഞു.

"ജയിക്കണോരുടെ കൂടെ."

നാരായണൻ കുട്ടിക്കത് അത്ര പിടിച്ചില്ല.

"നീ പൊക്കോ."

അല്പനേരം നിന്ന് ചാൾസ് ഡാർവിന്റെ അതിജീവനസിദ്ധാന്തത്തെക്കുറിച്ച് പറയണമെന്നു തോന്നിയതാണ്. നാരായണൻ കുട്ടി മുഖം തന്നില്ല.

പിന്നെയും കുറെകഴിഞ്ഞാണ് നാരായണൻ കുട്ടി വിവാഹിതനായത്.

നാരായണൻ കുട്ടിക്ക് ഒരു വിവാഹം എന്നത് തന്നെ ഞങ്ങൾക്കൊക്കെയും അത്ഭുതകരമായിരുന്നു.

ആദ്യരാത്രി നാരായണൻ കുട്ടി ഭാര്യയോട് പറഞ്ഞത്രെ.

"സ്വർണ്ണോക്കെ അഴിച്ചു വെച്ചോ കള്ളൻ മാരുള്ളതല്ലെ."

"എവിടെ കള്ളൻമാര്?"

"സൂക്ഷിച്ചാ ദുഖിക്കണ്ട."

നാരായണൻ കുട്ടി സ്വന്തം വിവാഹമോതിരം കൂടി ഊരി പെട്ടിയിൽ വെച്ചു പൂട്ടി.

പെണ്ണിന് എന്തോ പന്തികേട് തോന്നി. ഒരാഴ്ച കഴിഞ്ഞ് സ്വന്തം വീട്ടിലേക്ക് പോയ പെണ്ണ് പിന്നൊരിക്കലും തിരിച്ചുവന്നില്ല.

അങ്ങിനെ നാരായണൻ കുട്ടി ഒറ്റാംതടിയായി നടക്കുന്ന കാലത്താണ് അമ്മയുടെതന്നെ ബന്ധത്തിൽ പെട്ട ജാനകിയുമായി ചേർന്ന് ആലോചന നടന്നത്.

ജാനകിയും ആദ്യബന്ധമൊഴിവാക്കി നിൽക്കുകയാണ്.

രണ്ടും രണ്ടാംകെട്ട്.

ആദ്യരാത്രിയിൽ നാരായണൻകുട്ടി ജാനകിയോടു പറഞ്ഞു.

'സ്വർണ്ണമൊക്കെ ഊരി വെച്ചോ കള്ളൻമാര് ഉള്ളതല്ലെ."

അതെ ജാനകി മൂളി. മാലയും വളയും അവൾ ഊരി വെച്ചു. കൂടെ പറഞ്ഞു "ചേട്ടന്റെ കല്യാണ മോതിരം കൂടെ ഊരി വെച്ചോ."

നാരായണൻ കുട്ടിക്ക് ജാനകിയെ നന്നെ ബോധിച്ചു. ജാനകിക്ക് നാരായണൻ കുട്ടിയേയും. അങ്ങനെയാണ് തനിക്ക് ഇഷ്ടദാനം കിട്ടിയ അരയേക്കർ പുരയിടത്തിലേക്ക് നാരായണൻ കുട്ടി ജാനകിയേക്കൂടി കൂടെകൂട്ടിയത്.

മക്കള് എന്തേ ഇല്ല എന്ന് ചോദിച്ചാൽ പറയും.

ഞങ്ങൾക്കും കൂടി ഇനിയെന്തിനാ മക്കള്.

എന്തെങ്കിലും പണിയെടുക്കണ്ടെ. പിള്ളാരുണ്ടായാ ചെലവല്ലേ. മടിയനും മടിച്ചിയുമാണ്.

കുടുംബത്തിലെ സ്ത്രീകൾ പരിഭവിച്ചു.

തരപ്രായക്കാർ പറഞ്ഞത് മറ്റൊന്നാണ്. ചെലപ്പോ ഇതൊന്നും ആ നാരായണൻ കുട്ടിക്ക് വശണ്ടാവില്ല.

നാരായണൻ കുട്ടിക്ക് വശമില്ലാത്തത് ജാനകിക്ക് വശമുണ്ടോ എന്നറിയുന്നതിന് വേണ്ടി രഹസ്യമായി സമീപിച്ച ചിലരെ ജാനകി മുഖമടച്ച് ഒരാട്ടാട്ടി.

ഫ...

ഒരിക്കൽ ഞങ്ങൾ നാരായണൻ കുട്ടിയുടെ വീട്ടിൽ പോയിരുന്നു. ഒരു പഞ്ചായത്തിലക്ഷന്.

പടികടക്കവേ പിന്നിൽ നിന്നാരുടേയോ കമന്റ്.

"വട്ടനും വട്ടത്തിയും താമസിക്കുന്ന വീട്."

"അതിന് ഞങ്ങൾക്ക് ഓട്ടില്ലല്ലോ." നാരായണൻ കുട്ടി ചിരിച്ചു.

''വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർത്തണം. സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളൊന്നും വേണ്ടെ." ഞങ്ങൾ ചോദിച്ചു.

"ദേ, ഈ വീട് തന്നെ ഇടിഞ്ഞ് വീഴാറായി. ജനിച്ചപ്പഴേ ഉള്ളതല്ലേ. ഒന്ന് മാറ്റിപ്പണിയണം. പഞ്ചായത്തീന്ന് കാശ് തരാം."

നാരായണൻ കുട്ടി ചിരിച്ചുകൊണ്ട് കേട്ടു നിന്നതേയുള്ളു.

പോരാൻ നേരം എന്നോട് പതുക്കെ പറഞ്ഞു.

"ഈ തൂക്കണാം കുരുവിയുടെ കൂട് കണ്ടോ?"

ഉം.

"അത് ഉണ്ടായ കാലം മുതല് ഇങ്ങനേ കൂട് വെക്കണേ. ഒരു മാറ്റോം ഇല്ല. അതോണ്ട് തൂക്കണാം കുരുവിക്ക് വല്ല കുഴപ്പോണ്ടാ. പിന്നെന്തിനാ മനുഷ്യര് എടക്കിടക്ക് വീട് മാറ്റണെ."

ഞാനൊന്നും പറഞ്ഞില്ല. കൂട്ടത്തിലെ ആരോ ചോദിച്ചു.

ഇവിടടുത്തൊരു വെള്ളച്ചാട്ടം ഉണ്ടായിരുന്നില്ലെ. ഒന്ന് പോയാലൊ.

"വെള്ളച്ചാട്ടോക്കെ എന്നേ ഇല്ലാണ്ടായി."

പിന്നിൽ നിന്ന് നാരായണൻ കുട്ടി വിളിച്ചു പറഞ്ഞത് ഞങ്ങൾ കേട്ടു.

മുന്നോട്ട് നടക്കവെ മണ്ണുലോറികൾ തോണ്ടിയെടുത്ത് ബാക്കിയായ ഇരട്ടവാലൻ കുന്നിന്റെ അസ്ഥികൾക്കിടയിൽ നിന്നും വെയിലിനെ ശപിച്ചൊരു ചെമ്പോത്ത് ചുവന്ന കണ്ണുമായി പറന്നു പോയി.

അതിനു ശേഷം നാരായണൻ കുട്ടി എന്നെ കാണാൻ വന്നിരുന്നു.

"നീയെനിക്കൊരു അഞ്ഞൂറു രൂപ കടം താ."

"എന്തിനാ ഇപ്പോ കാശ്."

"അതൊക്കെ പിന്നെ പറയാം. അത്യാവശ്യാണ്."

നാരായണൻ കുട്ടി കാശൊന്നും അങ്ങനെ ചോദിക്കാറില്ല. അതുകൊണ്ട് വേഗം കൊടുത്തു.

അതിനു ശേഷം ഒരു മാസം കഴിഞ്ഞ് നാരായണൻ കുട്ടി എന്നെ കാണാൻ വന്നു. മുഖത്ത് ചെറിയൊരു ചമ്മലുള്ളതു പോലെ.

"ന്നാ, നിന്റെ കാശ്. അഞ്ഞൂറു രൂപ എന്റെ നേരെ നീട്ടി."

''കാര്യം നടന്നോ''. കടം തിരിച്ചുകിട്ടിയ സന്തോഷത്തിൽ ഞാൻ കുശലം ചോദിച്ചു.

"ഓ, അതൊരു ബെറ്റായിരുന്നു." നാരായണൻ കുട്ടി പറഞ്ഞു.

"ബെറ്റോ.

"അതേ ഞാനും ജാനകിയും തമ്മിൽ."

"വീടിനു മുന്നിലെ മാവിൽ ഒരു കിളി വന്ന് മുട്ടയിട്ടു. പുള്ളിക്കുത്തുള്ള മുട്ടകൾ. ആൺപക്ഷിക്ക് കാപ്പിപ്പൊടി നിറമാണ്. പെൺപക്ഷിക്ക് ഇളം പച്ചയും. മുട്ട വിരിഞ്ഞുണ്ടാകുന്ന കിളിക്ക് ആൺകിളിയുടെ നിറമെന്ന് ഞാനും, പെൺകിളിയുടെ നിറമാവുമെന്ന് അവളും. ബെറ്റിൽ തോറ്റാൽ കൊടുക്കാൻ വേണ്ടിയാ നിന്നോട് അഞ്ഞൂറു രൂപ കടം വാങ്ങിയേ."

എന്നിട്ടോ?

ഞാൻ ഉദ്വേഗത്തോടെ ചോദിച്ചു.

''എന്നിട്ടെന്താ ഞങ്ങള് രണ്ടുപേരും തോറ്റു."

''അതിന് ഒരു പുതിയ നിറമാർന്നു."

നാരായണൻ കുട്ടി പോകാനെഴുന്നേൽക്കുന്നതിനിടെ പറഞ്ഞു.

പിന്നെയും ഒരു മാസം കഴിഞ്ഞാണ് ജാനകി ഗർഭിണിയായിരിക്കുന്നു എന്ന വിശേഷം അമ്മ എന്നോട് പറഞ്ഞത്. ■